LIBRARY ARCHIVES Kerala Legislative Assembly

കോലിഞ്ചി കർഷകർക്ക് സബ്സിഡി

52 (1037) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കോലിഞ്ചി കർഷകർക്ക് സബ്സിഡി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോലിഞ്ചി കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-7-2020-ന് യോഗം ചേരുകയും സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ് നൽകുന്ന സബ്സിഡി കോലിഞ്ചി കർഷകർക്കുകൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തീരുമാനമെടുക്കുകയുമുണ്ടായി. അതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ ദേശീയ ഔഷധസസ്യ മിഷന്റെ 2015-16, 2016-17 വാർഷിക പദ്ധതി പ്രകാരം ലഭ്യമായ 43,85,361 രൂപ 204.97 ഹെക്ടർ സ്ഥലത്ത് കോലിഞ്ചി കൃഷിക്കായി അനുവദിച്ചും നൽകിയിട്ടുണ്ട്. റാന്നി, കോന്നി, പത്തനംതിട്ട, അടൂർ ബ്ലോക്കുകളിൽപ്പെട്ട 1298 കോലിഞ്ചി കർഷകർക്കാണ് സബ്സിഡി ആനുകൂല്യം ലഭ്യമാക്കിയത്. കൃഷിഭവൻ തലത്തിൽ നൽകിയ ആനുകൂല്യങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

കർഷക ആത്മഹത്യ

53 (1038) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ;

&

(ബി) ഈ കുടുംബങ്ങൾക്ക് ഏതെല്ലാം തരത്തിലുള്ള സഹായം സർക്കാർ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇടുക്കി ജില്ലയിൽ 12-ഉം വയനാട് ജില്ലയിൽ 10-ഉം കണ്ണൂർ ജില്ലയിൽ 2-ഉം കാസർഗോഡ്, എറണാകുളം ജില്ലകളിൽ ഒന്ന് വീതവും കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഇതിൽ മൂന്ന് ആത്മഹത്യകൾ കർഷക ആത്മഹത്യയായി സ്ഥിരീകരിച്ചിട്ടില്ല. കർഷക ആത്മഹത്യയായി സ്ഥിരീകരിച്ച 9 പേരുടെ കുടുംബങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 29 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ ഈ സർക്കാർ പുതിയതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ കർഷകരെ സഹായിക്കുന്ന വിവിധ പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ട്. വിള ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകൽ ത്വരിതപ്പെടുത്തൽ, വിലയിടിവിൽ സർക്കാർ ഇടപെടൽ, തെരഞ്ഞെടുത്ത വിളകൾക്ക് അടിസ്ഥാനവില നൽകൽ, പ്രകൃതിക്ഷോഭംമൂലം വിളനാശം ഉണ്ടാകുമ്പോൾ ധനസഹായം നൽകൽ തുടങ്ങിയ വിവിധ പദ്ധതികളിലൂടെ സർക്കാർ കർഷകരെ സഹായിക്കുന്നുണ്ട്.

കർഷകരുടെ പ്രതിസന്ധികൾക്ക് പരിഹാരം

54 (1039) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സൃഷ്ടിച്ച പ്രതിസന്ധിമൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് ധനസഹായം നൽകുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും വി.എഫ്.പി.സി.കെ.-യുടെയും ഹോർട്ടികോർപ്പിന്റെയും സമയബന്ധിതമായ ഇടപെടലുകൾ കാരണം കർഷകർക്ക് സംഭവിച്ച നഷ്ടങ്ങൾ ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി 'ഫാർമർ റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ' എല്ലാ പഞ്ചായത്തിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ആരംഭിച്ചു. സർക്കാർ ഏജൻസികളായ വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് എന്നിവയിലൂടെ ഓൺലൈൻ മുഖാന്തരം മാമ്പഴം, കൈതച്ചക്ക, പപ്പായ, വാഴപ്പഴം, പച്ചക്കറി എന്നിവയുടെ നേരിട്ടുള്ള വില്പന നടത്തുവാൻ സാധിച്ചു. മിച്ചംവന്ന ഉല്പന്നങ്ങളുടെ അന്തർ ജില്ലാ വില്പനയും നടത്താൻ സാധിച്ചു. കൃഷി വകുപ്പ് മുഖാന്തരം പാലക്കാട്, കുട്ടനാട് കോൾ മേഖലകളിൽ 600 നെല്ലുമെതി യന്ത്രങ്ങൾ നൽകി. ആയതിലൂടെ നെൽകൃഷിയിൽ വിളവെടുപ്പിൽ കാലതാമസം വന്ന ബുദ്ധിമുട്ടുകൾ മറികടക്കുവാൻ സാധിച്ചു. 2020 മാർച്ച് 23 മുതൽ ഏപ്രിൽ 15 വരെയുള്ള കാലയളവിൽ ഹോർട്ടികോർപ് 1,200 മെടിക് ടൺ പഴങ്ങളും പച്ചക്കറികളും സംസ്ഥാനത്തിനകത്തുള്ള കർഷകരിൽനിന്നും പുറമേനിന്നും സംഭരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly